# 19th Meeting of the Working Mechanism for Consultation & Coordination on India-China Border Affairs

September 30, 2020

______________________________________________________________

## ഇന്ത്യ-ചൈന അതിർത്തി പ്രശ്നങ്ങൾ സംബന്ധിച്ച് വർക്കിംഗ് മെക്കാനിസം ഫോർ കൺസൾട്ടേഷൻ & കോർഡിനേഷന്റെ 19 മത് സമ്മേളനം.

സെപ്റ്റംബർ 30, 2020

ഇന്ത്യ-ചൈന അതിർത്തി പ്രശ്നങ്ങൾ സംബന്ധിച്ച് വർക്കിംഗ് മെക്കാനിസം ഫോർ കൺസൾട്ടേഷൻ & കോർഡിനേഷന്റെ (WMCC)19 മത് സമ്മേളനം 2020 സെപ്തംബര് 30 നു നടന്നു. വിദേശകാര്യമന്ത്രാലയത്തിൽ നിന്നുള്ള ജോയിന്റ് സെക്രട്ടറി (കിഴക്കൻ ഏഷ്യ)യാണ് ഇന്ത്യൻ വിഭാഗത്തെയും ചൈനീസ് വിദേശകാര്യമന്ത്രാലത്തിലെ അതിർത്തി & സമുദ്ര വകുപ്പിലെ ഡയറക്ടർ ജനറൽ ചൈനീസ് വിഭാഗത്തെയും നയിച്ചു.

2. ഇന്ത്യ ചൈന അതിർത്തി പ്രദേശങ്ങളിലെ യഥാർത്ഥ നിയന്ത്രണ രേഖയിലെ നിലവിലെ സാഹചര്യത്തെക്കുറിച്ച് ഇരു വിഭാഗങ്ങളും അവലോകനം നടത്തി കൂടാതെ 2020 ഓഗസ്റ്റിൽ നടന്ന WMCC യുടെ അവസാന സമ്മേളനം മുതൽ ഉണ്ടായ സംഭവ വികാസങ്ങളെക്കുറിച്ച് വിശദമായ ചർച്ചകളും നടത്തി.രണ്ടു ഭാഗങ്ങളിലെയുംസൈനിക മന്ത്രിമാരും വിദേശകാര്യമന്ത്രിമാരും തമ്മിൽ ഈ മാസം ആദ്യം നടന്ന സമ്മേളനത്തിന്റെ പ്രസക്തഭാഗങ്ങളും ഇരു ഭാഗങ്ങളും ഉൾപ്പെടുത്തി.LAC യിലെ എല്ലാ സംഘർഷ മേഖലയിലെയും സൈനിക പിന്മാറ്റം ഉറപ്പു വരുത്തുന്നതിന് ഇരു വിദേശകാര്യമന്ത്രിമാരും തമ്മിൽ എത്തിച്ചേർന്നിട്ടുള്ള ധാരണകൾ ആത്മാർത്ഥമായി പാലിക്കണമെന്ന് അവർ നിരീക്ഷിച്ചു.

3.ഇത് സംബന്ധിച്ച്, സെപ്റ്റംബർ 21 ന് നടന്ന 6 മത് ഉന്നതതല കമ്മാണ്ടർമാരുടെ സമ്മേളനത്തിന്റെ ഫലങ്ങൾ ഇരു വിഭാഗവും അനുകൂലമായ രീതിയിലാണ് വിലയിരുത്തിയത്. പ്രദേശത്തെ സ്ഥിരത നിലനിർത്തുന്നതിനും തെറ്റുധാരണകൾ ഒഴിവാക്കുന്നതിനും ഉന്നതതല കമ്മാണ്ടർമാരുടെ അവസാന സമ്മേളനത്തിന് ശേഷം പ്രസിദ്ധീകരിച്ചിട്ടുള്ള സംയുക്ത മാധ്യമ പ്രസ്താവനയിൽ പറയുന്ന നടപടികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത അവർ ഊന്നിപ്പറഞ്ഞു. ഈ പശ്ചാത്തലത്തിൽ, താഴെ തട്ടിലുള്ള കമ്മാണ്ടർമാർ തമ്മിലുള്ള ആശയവിനിമയം ശക്തമാക്കേണ്ടതിന്റെ ആവശ്യകതയും ഇരു വിഭാഗങ്ങളും ഉയർത്തികാണിച്ചു.

4.സൈനിക, നയതന്ത്ര മേഖലയിലുള്ള പര്യാലോചനകൾ നിലനിർത്തുന്നതിന് ഇരു വിഭാഗങ്ങളും അനുകൂലിച്ചു. ഇതിനെ തുടർന്ന്, ഉന്നതതല കമാണ്ടർമാരുടെ അടുത്ത ഘട്ട (7 മത്) സമ്മേളനം ഏറ്റവും അടുത്ത തിയ്യതിൽ തന്നെ നടത്തുന്നതിന് സൗകര്യമൊരുക്കുന്നതാണെന്നും അവർ സമ്മതിച്ചു, ഇത് വഴി നിലവിലുള്ള ഉഭയകക്ഷി ഉടമ്പടികളും ചട്ടങ്ങളും അനുസരിച്ച് LAC യിലെ ശാന്തതയും സമാധാനവും നിലനിർത്തുന്നതിനായി ട്രൂപ്പുകളുടെ പിന്മാറ്റത്തിന് എത്രയും നേരത്തെ ഇരു വിഭാഗങ്ങൾക്കും പ്രവർത്തിക്കാവുന്നതാണ്.

**ന്യൂ ഡൽഹി**
**30 സെപ്റ്റംബർ , 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.